**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:172 27.02.2017-ൽ മറുപടിക്ക്**

**മലപ്പുറം സിവിൽ സ്റ്റേഷൻ പരിസരത്തുണ്ടായ സ്ഫോടനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ കോടതി പരിസരത്തുണ്ടായ സ്ഫോടനത്തെ സംബന്ധിച്ചുള്ള അന്വേഷണ പുരോഗതി വിശദീകരിക്കാമോ ; | (എ) | ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത മലപ്പുറം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 693/16 ഡി.വൈ.എസ്.പി, നാർക്കോട്ടിക്ക് സെൽ, മലപ്പുറം അന്വേഷിച്ചു വരുന്നു. |
| (ബി) നാളിതുവരെ എത്ര പേരെ അറസ്റ്റ് ചെയ്തു; പ്രതികളെ മുഴുവനായും പിടികൂടിയിട്ടുണ്ടോ; വിശദാംശം നല്കാമോ;<br><br>(സി) സംസ്ഥാനത്തിനകത്തും പുറത്തുമുണ്ടായ മറ്റു സ്ഫോടനങ്ങളുമായി ഇതിന് ബന്ധമുണ്ടോ; | } | ടി കേസുമായി സാമ്യമുള്ള മൈസൂർ, ബോംബ് സ്ഫോടന കേസ്സിന്റെ അന്വേഷണ ഏജൻസിയായ എൻ.ഐ.എ അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ടി പ്രതികൾക്ക് മലപ്പുറം ബോംബ് സ്ഫോടന കേസുമായി ബന്ധമുണ്ടെന്ന് അറിവായിട്ടുണ്ട്. |
| (ഡി) സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ എന്തെല്ലാം സുരക്ഷാ നടപടികളാണ് മുൻകരുതലുകളായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഇതുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന സംഘടനകളുടെയും വ്യക്തികളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചുവരികയും ആവശ്യമായ സുരക്ഷാനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**